**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5967** **09-07-2024 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് സബ്ട്രഷറിക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കൂരാച്ചുണ്ട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടമില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ വാടക കെട്ടിടത്തിലാണ് ട്രഷറി പ്രവർത്തിച്ചു വരുന്നത്. ട്രഷറി നിർമ്മാണത്തിനായി കൂരാച്ചുണ്ട് പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്ങാടിയിൽ, 6 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറാൻ ധാരണയായിരുന്നു. ഭൂമി വകുപ്പിന് ലഭ്യമാക്കണമെന്ന ആവശ്യമുന്നയിച്ച് ഗ്രാമ പഞ്ചായത്ത്/റവന്യൂ അധികാരികളുമായി നിരവധി കത്തിടപാടുകൾ നടന്നുവെങ്കിലും നാളിതുവരെ ഭൂമി ട്രഷറി വകുപ്പിന് കൈമാറിയിട്ടില്ല. |
| (ബി) | പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന് ഗ്രാമ പഞ്ചായത്ത് ഭൂമി വിട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് കെട്ടിടമുണ്ടാക്കുന്നതിനായി പ്രത്യേക പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ? | (സി) | സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുക, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുക, ട്രഷറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 2010-ൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് രൂപം കൊടുക്കുകയും ഈ പദ്ധതിയുടെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള തത്വത്തിൽ ഭരണാനുമതി ലഭ്യമായതിൽ മൂന്ന് ഘട്ടങ്ങളിലായി ട്രഷറി ആസ്ഥാന കാര്യാലയം ഉൾപ്പടെ 27 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാലാമത്തെ ഫേസ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിലായി കെട്ടിടം നിർമ്മിക്കാൻ വകുപ്പിന്റെ പേരിൽ ഭൂമി ലഭ്യമായ, 22ഇടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് PMC ആയി തെരെഞ്ഞെടുക്കപ്പെട്ട M/s HLL Life |

| | | | |
|---|---|---|---|
| | | | Care Ltd സമർപ്പിച്ച 18 കെട്ടിടങ്ങളുടെ DPR ഉം പ്ലാനും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ